## നിർദ്ദേശങ്ങൾ

1. ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ സെന്ററിലോ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലോ വച്ചാണ് വിവാഹ ഒരുക്ക ധ്യാനം നടത്തപ്പെടുന്നത്. മുഴുവൻ ദിവസവും താമസിച്ച് പങ്കെടുക്കേണ്ട ധ്യാനമാണ് ഇത്. മൂന്നു ദിവസങ്ങളിലായി നടക്കുന്ന **ധ്യാനത്തിന്റെ ആദ്യദിവസം രാവിലെ 8.30 ന് ധ്യാനത്തിൽ പങ്കെടുക്കുന്ന ആൾ നിർബന്ധമായും സെന്ററിൽ എത്തേണ്ടതാണ്.** 9 നുശേഷം വരുന്ന ആരെയും ധ്യാനത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ധ്യാനം സമാപിക്കുന്നത് മൂന്നാം ദിവസം വൈകുന്നേരം 4.00 നാണ്.
2. രജിസ്റ്റർ ചെയ്തവർ ധ്യാനത്തിൽ പൂർണ്ണമായും സംബന്ധിച്ചാൽ മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളു.
3. രജിസ്റ്റർ ചെയ്യുന്ന ധ്യാനത്തിൽ തന്നെയാണ് ഓരോരുത്തരും സംബന്ധിക്കേണ്ടത്. ഏതെങ്കിലും കാരണവശാൽ ആ ധ്യാനത്തിൽ സംബന്ധിക്കാനാവാതെ വന്നാൽ രജിസ്ട്രേഷൻ ഫീസ് തിരികെ കൈപ്പറ്റുകയോ തീയതി മാറ്റി രജിസ്റ്റർ ചെയ്യുകയോ ആവാം. തീയതി മാറ്റുമ്പോൾ ആ ധ്യാനം ഏതു കേന്ദ്രത്തിൽ വച്ചാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. ധ്യാനത്തിന് രജിസ്റ്റർ ചെയ്തശേഷം ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത ധ്യാനം ആരംഭിക്കുന്നതിന് ഒരാഴ്ച മുമ്പ് ക്യാൻസൽ ചെയ്തെങ്കിൽ മാത്രമേ രജിസ്ട്രേഷൻ തുക തിരികെ നൽകുകയുള്ളൂ.
5. **ധ്യാനത്തിനു വരുമ്പോൾ സമീപകാലത്ത് എടുത്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, പണമടച്ച രസീത്, വികാരിയച്ചന്റെ ഒപ്പും സീലും ഉള്ള ഈ ഫോം എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**
6. പൊതുവായ അച്ചടക്കം സംബന്ധിച്ച് ധ്യാനത്തിൽ നല്കപ്പെടുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ധ്യാനത്തിൽ പങ്കെടുക്കുന്നവർ ബാധ്യസ്ഥരാണ്. നല്കപ്പെടുന്ന നിർദ്ദേശങ്ങൾക്കും പൊതുമാന്യതയ്ക്കും നിരക്കാത്ത പെരുമാറ്റം ശ്രദ്ധയിൽപ്പെട്ടാൽ ധ്യാനത്തിൽനിന്നും പുറത്താക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വസ്ത്രധാരണം മാന്യമായിരിക്കണം.
7. ധ്യാനദിനങ്ങളിലെ താമസം സൗകര്യപ്രദമാക്കാൻ ബെഡ്ഷീറ്റ്, ടോയിലറ്റ് സാധനങ്ങൾ, പേന തുടങ്ങിയവ ഓരോരുത്തരും കൊണ്ടുവരേണ്ടതാണ്. നോട്ടുബുക്ക് സെന്ററിൽനിന്നും നല്കുന്നതായിരിക്കും. സെൽഫോൺ കൊണ്ടുവരാതിരിക്കുന്നതാണ് കൂടുതൽ അഭികാമ്യം.
8. ധ്യാനത്തിലെ ക്ലാസ്സുകളെയും നമസ്കാരങ്ങളെയും ആസ്പദമാക്കി അവസാനദിവസം പരീക്ഷയുണ്ടായിരിക്കും. ക്ലാസ്സുകളുടെ നോട്ടുകുറിച്ചത് അവസാനദിവസം പരിശോധിക്കുന്നതായിരിക്കും. സെമിനാറിലെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാണിത്.
9. **ഓരോ ധ്യാനത്തിലും പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾ അതാതു ധ്യാനത്തിന്റെ മൂന്നാം ദിവസം ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.00 വരെ നടത്തുന്ന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.** മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം ക്രമീകരിക്കുന്നതല്ല.
10. **മാതാപിതാക്കൾ പങ്കെടുക്കുന്നില്ലെങ്കിൽ വിവാഹാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.** ഇത് എല്ലാ രൂപതയുടെയും പൊതുവായ തീരുമാനമാണ്.

N.B: ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലെത്തിച്ചേരുന്നതിന് ചങ്ങനാശേരി അരമനപ്പടിക്കൽ വന്നിറങ്ങുക. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെത്തിച്ചേരുന്നതിന് ചങ്ങനാശേരി പെരുന്ന പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിന്നും മല്ലപ്പള്ളിക്കുള്ള ബസിൽ കയറി കുന്നന്താനം ജംഗ്ഷനിലിറങ്ങി, ഇടത്തേയ്ക്കുള്ള വഴിയിലൂടെ 5 മിനിറ്റ് നടക്കുക.